"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ല – റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എ. എഡിസനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം- പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.27/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/01/2021

പരാമർശം:- 1 ബഹു. കോട്ടയംഎൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ 07.12.2015-ലെ സി.സി.16/2009 നമ്പർ വിധിന്യായം

2 സർക്കാരിന്റെ 10.03.2017-ലെ ഇപിബി2/25/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3 പഞ്ചായത്ത് ഡയറക്ടറുടെ 30.12.2019-ലെ PAN/15421/2019-D1(DP) നമ്പർ കത്ത്

## ഉത്തരവ്

ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന് കൈക്കൂലി വാങ്ങി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എഡിസനെതിരെ പത്തനംതിട്ട വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി രജിസ്റ്റർ ചെയ്ത കേസിൽ (VC No. 4/2007/PTA) ബഹു. എൻക്വയറി കമ്മീഷൻ & സ്പഷ്യൽ ജഡ്ജ്, കോട്ടയത്തിന്റെ പരാമർശം (1) വിധിന്യായം പ്രകാരം ശ്രീ. എ. എഡിസനെ ഒരു വർഷത്തെ കഠിനതടവിനും 20,00/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിക്കുകയുണ്ടായി. തുടർന്ന് ടിയാന്റെ ഭാഗത്ത് കൃത്യവിലോപത്തിൽ ഗുരുതരമായ വീഴ്ച ഉണ്ടായതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം 3 , ചട്ടം 59 (b) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്ന് 200/-രൂപ വീതം സ്ഥിരമായി കുറവുചെയ്യുവാൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. എന്നാൽ കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എ. എഡിസൻ നാളിതുവരെ കൈപ്പറ്റ രസീതിയോ, മറുപടിയോ, ലഭ്യമാക്കിയിട്ടില്ലായെന്നും, acknowledgement card മാത്രമേ ലഭിച്ചിട്ടുള്ളൂവെന്നും പഞ്ചായത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാരണം കാണിക്കൽ നോട്ടീസിന് കുറ്റാരോപിതനായ ശ്രീ. എ. എഡിസൻ നാളിതുവരെ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടില്ല എന്ന് കാണുന്നു. ടിയാനെതിരെ പെൻഷനിൽ നിന്നും തുക കറവ് ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിനായി ശ്രീ. എ. എഡിസനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എ. എഡിസനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

**File No.LSGD-EPB2/187/2016-LSGD**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

   (പരാമർശം (1), (2) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. എ. എഡിസൻ, മുൻ സെക്രട്ടറി, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/187/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SUDHEER S S
Date: 2021.01.06 10:48:59 IST
Reason: Approved

സെക്ഷൻ ഓഫീസർ